# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 4202**

## ഇടക്കൊച്ചി സുസ്ഥിര വികസനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി പ്രദേശത്തെ സുസ്ഥിര വികസന മേഖലയാക്കുന്നതിന് 2009-10 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ), (ബി) | ഇടക്കൊച്ചി സുസ്ഥിര വികസന മേഖല ആക്കുന്നതിനു വേണ്ടി ഇൻകെൽ (Inkel) സമർപ്പിച്ച പദ്ധതി റിപ്പോർട്ടിൽ 51 ഏക്കർ ഭൂമി ആവാസത്തിനും വാണിജ്യകാര്യ-ങ്ങൾക്കുമായി വികസിപ്പിക്കുന്നതിനുള്ള രൂപരേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയും ഇതിനോട് ചേർന്ന് കിടക്കുന്ന സെന്റ് ഡൊമിനിക് കോൺവെന്റ്, അവഷരിചേരിൽ ജോ, വിക്ടാലിസ് കുടുംബം എന്നിവരുടെ കൈവശമുള്ള വസ്തുക്കളും ചേർന്നുള്ള പ്രദേശത്താണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയ്ക്ക് വേണ്ടി ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് അതിലേയ്ക്ക് സ്ഥലം ഉടമകൾ സ്ഥലം നൽകി പദ്ധതിയ്ക്ക് തുടക്കം കുറിക്കാനാണ് റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടിയിരിക്കുന്നു. പദ്ധതിയുടെ ആകെ അടങ്കൽ തുക 1,500 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണെന്ന് സംബന്ധിച്ച് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | മേൽ സാഹചര്യത്തിൽ നിലവിലെ നിയമങ്ങളിൽ ഭേദഗതി വരുത്തിയാലേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പദ്ധതി എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാം എന്നത് സംബന്ധിച്ച് വീണ്ടും ഒരു വിശദമായ സാങ്കേതിക സാമ്പത്തിക പഠനം നടത്തേണ്ടതുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് യോഗം വിളിച്ചു ചേർക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | INKEL ന്റെ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിന് മാത്രമായി ഈ വിഷയത്തിൽ നടപടി കൈക്കൊള്ളാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഒരു യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ജില്ലാ കളക്ടർക്ക് ജനറൽ മാനേജർ കത്ത് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**